"ഭരണഭാഷ - മാതൃഭാഷ"

നം:DGE/6/2026-D5

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 21-10-2026
ഇ-മെയിൽ : supdtd.dge@kerala.gov.in

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകളിൽ 2025-26 അദ്ധ്യയന വർഷത്തേയ്ക്കുള്ള പൊതു സ്ഥലംമാറ്റം ഹയർ ഓപ്ഷൻ ആദ്യ ഘട്ടം ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു.

സൂചന :-
1. പൊതുവിദ്യാഭ്യാസ (സി) വകുപ്പിന്റെ 19/06/2024 തീയതിയിലെ സ.ഉ.(സാധാ)നം.3889/24/പൊ.വി.വ. നം. ഉത്തരവ്.
2. പൊതുവിദ്യാഭ്യാസ (സി) വകുപ്പിന്റെ 03/07/2024 തീയതിയിലെ സ.ഉ.(സാധാ) നം.4180/24/പൊ.വി.വ. ഉത്തരവ്.
3. 19/03/2026 തീയതിയിലെ ഡി5/06/2026/ഡി.ജി.ഇ.നം. പൊതുസ്ഥലംമാറ്റ പരിപത്രം.
4. 03/03/2025 തീയതിയിലെ ഡി5/05/2025/ഡി.ജി.ഇ. നം. പൊതുസ്ഥലംമാറ്റ ഉത്തരവ്.
5. പൊതുവിദ്യാഭ്യാസ (സി) വകുപ്പിന്റെ 30/09/2026 തീയതിയിലെ സ.ഉ.(സാധാ)നം.8044/2026/പൊ.വി.വ. നം. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സ്ഥാനക്കയറ്റ ഉത്തരവ്.

## <u>സർക്കുലർ</u>

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽ 2026-27 അദ്ധ്യയന വർഷത്തേയ്ക്കുള്ള ഓൺലൈൻ പൊതുസ്ഥലംമാറ്റം ഹയർ ഓപ്ഷൻ നടപടികൾക്കായുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

സൂചന (1 ) പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ മുഖേന എച്ച്.എം./എ.ഇ.ഒ./തത്തുല്യ തസ്തികയിലുള്ള ഉദ്യോഗസ്ഥർ സമർപ്പിച്ചിട്ടുള്ള പൊതുസ്ഥലംമാറ്റ അപേക്ഷയിൽ മറ്റു ക്രമപ്പെടുത്തലുകൾ/തിരുത്തലുകൾ വരുത്താൻ സാധിക്കുകയില്ല. എന്നാൽ, നിലവിൽ ഒന്നാം ഓപ്ഷൻ ലഭിച്ചവർ ഒഴികെയുള്ളവർക്ക് ഹയർ ഓപ്ഷൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിച്ച ശേഷം

ഓൺലൈനായി സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളവർക്കും സ്ഥലംമാറ്റം ലഭ്യമാകാത്തവരുമായ ഉദ്യോഗസ്ഥർക്ക് ഹയർ ഓപ്ഷൻ അപേക്ഷിക്കുന്നതിനുള്ള അവസരമാണ് ഈ പരിപത്ര പ്രകാരം അനുവദിക്കുന്നത്. ഇതിനായി tandp.kite.kerala.gov.in എന്ന വെബ്സൈറ്റിൽ അവരവർക്ക് ലഭ്യമായിട്ടുള്ള യൂസർ ഐഡി, പാസ്സ്‌വേഡ് എന്നിവ ഉപയോഗിച്ച് ചെയ്ത ശേഷം Yes Button സെലക്ട് ചെയ്യേണ്ടതാണ് (ഹയർ ഓപ്ഷൻ ആവശ്യമുള്ളവർക്ക്). ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>എച്ച്.എം /എ.ഇ.ഒ/ടി.ടി.ഐ പ്രിൻസിപ്പാൾമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

1. പരാമർശം (3 ) പ്രകാരം ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കാണ് ഹയർ ഓപ്ഷൻ അപേക്ഷ സമർപ്പിക്കുവാൻ അവസരമുള്ളത്.
2. ഭരണപരമായ സൗകര്യാർത്ഥമോ മറ്റ് കാരണങ്ങളാലോ 2026-27 വർഷത്തിൽ മാനുവലായി സ്ഥലംമാറ്റം ലഭ്യമായിട്ടുള്ള ഉദ്യോഗസ്ഥർക്ക് (പരാമർശം (3 ) പ്രകാരം അപേക്ഷ സമർപ്പിച്ച) ഹയർ ഓപ്ഷനുകളിലേക്ക് അപേക്ഷിക്കുവാൻ അവസരം ഉണ്ടായിരിക്കുന്നതല്ല.
3. എച്ച്.എം./എ.ഇ.ഒ./ തത്തുല്യ തസ്തികയിലുള്ളവർക്ക് അനുവദിച്ച നൽകിയിട്ടുള്ള യൂസർ നെയിമും പാസ്സ്വേഡും ഉപയോഗിച്ച് ഓൺലൈൻ മുഖാന്തിരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഹയർ ഓപ്ഷൻ അപേക്ഷ സമർപ്പിക്കാത്തവർക്ക് (<u>Yes Option</u> മാർക്ക് ചെയ്യാത്തവർക്ക്) യാതൊരു കാരണവശാലും ഓൺലൈൻ സ്ഥലംമാറ്റം ഹയർ അനുവദിക്കുന്നതല്ല.
4. മാനുവലായുള്ളതോ പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ഏതെങ്കിലും വിധത്തിലുള്ള തിരുത്തൽ വരുത്തുന്നതിനായോ ഉള്ള ഒരു അപേക്ഷയും പരിഗണിക്കുന്നതല്ല.
5. ഹയർ ഓപ്ഷൻ ആവശ്യപ്പെട്ട ശേഷം (Yes option സെലക്ട് ചെയ്ത ശേഷം) ആയത് റദ്ദ് ചെയ്യാൻ സാധിക്കുകയില്ല.
6. പാസ്സ്‌വേർഡ് റീസെറ്റ് ചെയ്യേണ്ടതുണ്ട് എങ്കിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തിരം അപേക്ഷകർക്ക് ശേഖരിക്കാവുന്നതാണ്.

**<u>വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കുള്ള മാർഗ്ഗനിർദ്ദേശം</u>**

പരാമർശം (5 ) ഉത്തരവിന് ശേഷം നിലവിൽ വന്നതും സംസ്ഥാനത്ത് നിലനിൽക്കുന്നതുമായി എല്ലാ എച്ച്.എം./എ.ഇ.ഒ./ടി.ടി.ഐ./ആർ.ഐ.എൽ.റ്റി. അധികാരികളുടെ ഒഴിവുകളും ഓൺലൈൻ സൈറ്റിൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്.

ഒഴിവുകൾ അപ്ലോഡ് ചെയ്യുമ്പോൾ ഒഴിവുകളുടെ കൃത്യത വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിനായി ആവശ്യമുള്ള പക്ഷം അപേക്ഷകർക്ക് (എച്ച്.എം./എ.ഇ.ഒ./ടി.ടി.ഐ./ആർ.ഐ.എൽ.റ്റി. അധികാരികൾക്ക്) അവരുടെ പാസ്സ്വേഡ് റീ-സെറ്റ് ചെയ്ത് നൽകേണ്ടതാണ്.

താഴെ പറയുന്ന പ്രൊഫോർമയിൽ, വെബ് സൈറ്റിൽ അപ്ലോഡ് ചെയ്ത ഒഴിവുകൾ ഈ ഓഫീസിലേയ്ക്ക് മാനുവൽ ആയി ഇ-മെയിൽ/ഇൻട്ര ഓഫീസ് വഴി ലഭ്യമാക്കേണ്ടതാണ്. **അച്ചടക്ക നടപടിയുടെ ഭാഗമായി/പ്രാരംഭഘട്ടമായി അല്ലെങ്കിൽ ഇതിനോടനുബന്ധിച്ച് സ്ഥലംമാറ്റപ്പെട്ട പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഒരു കാരണവശാലും ഹയർ ഓപ്ഷൻ അപേക്ഷിക്കുവാൻ പാടുള്ളതല്ല.** ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഒരു കാരണവശാലും ശുപാർശ ചെയ്യുവാൻ പാടുള്ളതല്ല.

| ക്രമ നം. | പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തിക | ഒഴിവിന്റെ സ്വഭാവം/ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
|---|---|---|---|
| | | | |

ഒഴിവുകൾ യഥാവിധി അപ്ലോഡ് ചെയ്യാത്തതുകൊണ്ടും, അപ്ലോഡ് ചെയ്യുന്നതിൽ വന്ന അപാകതമൂലവും, പ്രധാനാദ്ധ്യാപക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കുന്നതിനും, ഇതിൻ പ്രകാരം ക്രമപ്രകാരമല്ലാതെയുള്ള സ്ഥലംമാറ്റം നടക്കുന്നതുമായ സാഹചര്യമുണ്ടായാൽ ഇതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മാത്രമാണെന്ന് ഓർമ്മപ്പെടുത്തുന്നു. ഒഴിവുകൾ അപ്ലോഡ് ചെയ്യുമ്പോൾ വേണ്ടത്ര പരിശോധന നടത്തി വിദ്യാഭ്യാസ ഉപഡയറക്ടർമാർ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. **ഭാഷാ ന്യൂനപക്ഷ വിഭാഗം വിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപക ഒഴിവുകൾ, പഞ്ചായത്ത് സ്കൂൾ പ്രധാനാദ്ധ്യാപക ഒഴിവുകൾ ഒരു കാരണവശാലും അപ്ലോഡ് ചെയ്യാൻ പാടുള്ളതല്ല.**

| ഒഴിവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ട അവസാന തീയതി (ഡി.ഡി.ഇ. മാർക്ക്) | ഹയർ ഓപ്ഷൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി (എച്ച്.എം./എ.ഇ.ഒ/തത്തുല്യ തസ്തിക) | ഡി.ഡി.ഇ. വെരിഫിക്കേഷന്റെ അവസാന തീയതി | അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി |
|---|---|---|---|
| 23/10/2026 | 26/10/2026 | 28/10/2026 | 02/11/2026 |

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ടി സർക്കുലർ താങ്കളുടെ അധികാരപരിധിയിലുള്ള എല്ലാ പ്രഥമാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കും സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്).
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിനും ഓൺലൈൻ സൈറ്റിൽ ആവശ്യമായ ക്രമപ്പെടുത്തലുകൾ നടത്തുന്നതിനുമായി).
3. കരുതൽ ഫയൽ/ഓഫീസ് കോപ്പി

Digitally signed by
Rajesh V S
Date: 22-10-2026
10:44:04